കേരള നിയമസഭാ നടപടികൾ

ഏഴാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

1986 നവംബർ 5, ബുധൻ

വാല്യം LXVIII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 12

നിയമസഭ 1986 നവംബർ 5-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേമ്പറിൽ കൂടി.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രായ്ക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ, ഓർഡർ.....

നാളികേര വികസന കോർപ്പറേഷന്റെ കൊപ്രസംഭരണം

* 210. [230] ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള :
ശ്രീമതി കെ. ആർ. ഗൗരി :
ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് :
,, ടി. കെ. ഹംസ :
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ കർഷകരിൽ നിന്നും കൊപ്ര വാങ്ങുന്നുണ്ടോ ; ഇല്ലെങ്കിൽ വാങ്ങാതായിട്ട് എത്ര കാലമായി ;

(ബി) "നാഫെഡ്" കൊപ്ര വാങ്ങൽ നിർത്തിവച്ചിരിക്കുന്നതിനാൽ കോർപ്പറേഷൻ കൊപ്ര വാങ്ങണമെന്ന് തീരുമാനിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ, എത്ര സെന്ററുകളിൽ വാങ്ങും ; എവിടെയെല്ലാം ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) :

(എ) ഉണ്ട്.

(ബി) കോർപ്പറേഷൻ അതിന്റെ സാധാരണ പ്രവർത്തനത്തിന് കൊപ്ര വാങ്ങുന്നുണ്ട്. നാഫെഡിന്റെ കൊപ്രാ വാങ്ങലുമായി ഇതിനു ബന്ധമില്ല.

(സി) ഇപ്പോൾ മാമത്തും തിരുവനന്തപുരത്തും ഉള്ള സ്വന്തം ഫാക്ടറികളിലാണ് വാങ്ങുന്നത്. കൂടുതൽ കേന്ദ്രങ്ങൾ തുറക്കുന്ന കാര്യം ആലോചിച്ചു വരുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ വി. എസ്. ചന്ദ്രശേഖരൻ പിള്ള : നാളികേരത്തിന്റെ ഉൽപാദനം വളരെ കുറഞ്ഞിരിക്കുന്ന ഈ കാലത്താണ് നാളികേരത്തിന് അൽപം ആകർഷകമായ വില എന്നുള്ളതും നാളികേരത്തിന്റെ ഉൽപാദന സീസണാകുമ്പോൾ നാളികേരത്തിന്റെ വില കുത്തനെയിടിയുന്നുവെന്നുള്ളതു മനസിലാക്കി നാളികേരത്തിന്റെ വില ആകർഷകമായ നിലയിൽ നിലനിറുത്തുന്നതിന് എന്തെങ്കിലും നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : കഴിഞ്ഞ കൊല്ലം നാളികേര കൃഷിക്കാരുടെ പ്രയാസം മനസിലാക്കിക്കൊണ്ട് ഗവൺമെന്റ് കൊപ്രാസംഭരണം ഏർപ്പെടുത്തുകയും ഒരു രൂപയ്ക്കുതാഴെ വിലയുണ്ടായിരുന്ന നാളികേരത്തിന് മൂന്നുരൂപയിൽ കൂടുതലായി ഉയർത്തുകയും ചെയ്തു കഴിഞ്ഞിട്ടുണ്ട്. നാളികേരത്തിന്റെ വിലയിടിയുമ്പോൾ എന്തൊക്കെ ചെയ്യണമെന്നുള്ളത് ഗവൺമെന്റ് പിന്നീട് ആലോചിക്കുന്നതാണ്.

ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള : നാളികേര വികസന കോർപ്പറേഷൻ കഴിഞ്ഞ വർഷം എത്ര ടൺ കൊപ്ര ശേഖരിച്ചുവെന്ന് വ്യക്തമാക്കാമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : ഇരുപത്തിയേഴായിരത്തിൽപ്പരം മെട്രിക് ടൺ കൊപ്ര ശേഖരിച്ച് ആട്ടുകയുണ്ടായി.

ശ്രീമതി കെ. ആർ. ഗൗരി : നാളികേര വികസന കോർപ്പറേഷനും നാഫെഡും മാറ് ഫെഡറേഷനുകളും കൊപ്ര വാങ്ങുന്നുവെന്ന് ഇവിടെ പറഞ്ഞു. ഗവൺമെന്റ് നാളികേര വികസന കോർപ്പറേഷൻ കൊപ്ര വാങ്ങാൻ അനുവാദം തന്നുകൊണ്ട് ഓർഡർ ഉണ്ടായിട്ടുപോലും കഴിഞ്ഞകൊല്ലം വാങ്ങാതിരിക്കാനുള്ള കാരണമെന്താണ് ?

ശ്രീ. എൻ. സുന്ദരൻ നാടാർ : മാർക്കറ്റിംഗ് ഫെഡറേഷൻ 13,425 മെട്രിക് ടൺ കൊപ്രയും നാഫെഡ് 11,500 മെട്രിക് ടൺ കൊപ്രയും കോർപ്പറേഷൻ രണ്ടായിരത്തിൽ ചില്വാനം കൊപ്രയും ശേഖരിച്ച് ആട്ടി സിവിൽ സപ്ലൈസ് കോർപ്പറേഷനെ ഏൽപ്പിക്കുകയുണ്ടായി. അന്ന് കൊപ്ര വാങ്ങേണ്ട ആവശ്യമില്ല. ഇപ്പോഴും കൊപ്ര വാങ്ങിക്കൊണ്ടിരിക്കുകയാണ്.

ശ്രീമതി കെ. ആർ. ഗൗരി : നാഫെഡും മാർക്കറ്റിംഗ് ഫെഡറേഷനും കോടിക്കണക്കിന് രൂപ ലാഭമുണ്ടാക്കി. മാർക്കറ്റിംഗ് ഫെഡറേഷന്റെ ഇക്കൊല്ലത്തെ ലാഭം രണ്ടുകോടി രൂപയാണ്. ഇത്ര കോടിക്കണക്കിനു രൂപ ലാഭമുണ്ടാക്കിയവസരത്തിൽ കൃഷിക്കാരെ സഹായിക്കാനെന്നുള്ള പേരിൽ ഉണ്ടാക്കിയ നാളികേര വികസന കോർപ്പറേഷൻ കഴിഞ്ഞകൊല്ലം കൊപ്ര വാങ്ങാതിരുന്നതുമൂലം എന്തു നഷ്ടം വന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : നാളികേര വികസന കോർപ്പറേഷനിൽ കൊപ്ര സ്റ്റോക്കുള്ളതുകൊണ്ടും അത് ആട്ടി സിവിൽ സപ്ലൈസ് കോർപ്പറേഷനെ ഏൽപ്പിച്ചതുകൊണ്ടുമാണ് വാങ്ങാത്തത്. നഷ്ടമുണ്ടായതിൽ സംസ്ഥാന ഗവൺമെന്റ് ആറുകോടി രൂപ കൊടുത്തു കഴിഞ്ഞിരിക്കുകയാണ്.

ശ്രീമതി കെ. ആർ. ഗൗരി : ഞാൻ ചോദിച്ചതിനല്ല ഉത്തരം പറഞ്ഞത്. നാളികേര വികസന കോർപ്പറേഷന് കഴിഞ്ഞകൊല്ലം എത്രരൂപ നഷ്ടമുണ്ടായിട്ടുണ്ടെന്നാണ് ഞാൻ ചോദിച്ചത് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. സുന്ദരൻ നാടാർ : അതിനെക്കുറിച്ച് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്,

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : കൊപ്ര സംഭരിച്ച് ആട്ടി വെളിച്ചെണ്ണയാക്കി കൊടുക്കുന്നതിനുവേണ്ടി സംസ്ഥാനത്ത് എത്ര മില്ലുകൾ നാളികേര വികസന കോർപ്പറേഷൻ വാടകയ്ക്കെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : കോർപ്പറേഷന്റെ രണ്ടു മില്ലുകൾക്കു പുറമെ 12 പ്രൈവറ്റ് മില്ലുകൾ എടുത്തിട്ടുണ്ട്.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : ഈ പന്ത്രണ്ടു മില്ലുകളിൽ യാതൊരു വർക്കും ചെയ്യാത്ത ഒരു മിൽ കോർപ്പറേഷന്റെ പേരിൽ മാളയിലുള്ള ആൻറോ എന്നു പറയുന്നയാളുടെ വകയെടുത്ത് വെറുതെ വാടക വാങ്ങുന്നതായിട്ടുള്ള വസ്തുത ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : അത് അടിസ്ഥാനരഹിതമായ ആരോപണമാണ്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : നാളികേരം സംഭരിക്കുന്നതിനുവേണ്ടി നാളികേര വികസന കോർപ്പറേഷൻ കുറെ കൊപ്ര എടുത്തിട്ടുണ്ടെന്ന് പറഞ്ഞു. വില്ലേജുകളിൽ സർവ്വീസ് സഹകരണസംഘങ്ങളിൽ കൂടി ഇതിനൊരു സ്ഥിരമായ സംവിധാനമുണ്ടാക്കിയെടുക്കുവാനും അതിൽ കൂടി നാളികേര കൃഷിക്കാരെ രക്ഷിക്കാനും കഴിയുമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : കോർപ്പറേഷനെ സംബന്ധിച്ച് ഇപ്പോൾ സ്വന്തം മില്ലുകളിൽ കൊപ്ര എടുത്തുകൊണ്ടിരിക്കുകയാണ്. പർച്ചേഴ്സ് സെൻററുകളെക്കുറിച്ചൊന്നും ഇപ്പോൾ തീരുമാനമെടുത്തിട്ടില്ല.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : 27,000 ടൺ കൊപ്ര എടുത്തുവെന്ന് പറഞ്ഞു. കഴിഞ്ഞ വർഷം എത്ര മാസം ഇതിനുവേണ്ടി കൊപ്ര എടുക്കാനുള്ള ഏർപ്പാടുണ്ടാക്കിയെന്ന് പറയാൻ കഴിയുമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : കഴിഞ്ഞകൊല്ലം 26-8-1985 മുതൽ കൊപ്ര വാങ്ങുകയുണ്ടായി. മാർക്കറ്റിംഗ് ഫെഡറേഷൻ 1985 ഒക്ടോബർ മുതൽ 1986 മാർച്ചു വരെയും നാഫെഡ് 1986 ഏപ്രിൽ മുതൽ സെപ്റ്റംബർ 10 വരെയുമാണ് എടുത്തിട്ടുള്ളത്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : 27,000 മെട്രിക് ടൺ കൊപ്ര എടുത്തുവെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. കൃഷിക്കാരുടെ നാളികേരം കഴിഞ്ഞ വർഷം എത്ര മാസമെടുക്കാൻ കഴിഞ്ഞുവെന്നാണ് ഞാൻ ചോദിച്ചത് ?

ശ്രീ. എൻ. സുന്ദരൻ നാടാർ : 12 പർച്ചേഴ്സ് സെൻററുകളെ ഉൾപ്പെടുത്തികൊണ്ട് നാലുമാസം എടുക്കുകയുണ്ടായി.

ശ്രീ. മണിമംഗലത്തുകുട്ടിഹാജി : മൂവായിരത്തിൽ ചില്വാനം രൂപ വരെ തേങ്ങയുടെ വില വർദ്ധിപ്പിക്കാൻ, ഗവൺമെൻറിന്റെ ഭാഗത്തുനിന്ന് നടപടി സ്വീകരിച്ചതിന്റെ ഫലമായി കഴിഞ്ഞുവെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി. അത് രണ്ടരമാസം മുമ്പുള്ള കണക്കാണ്. ഇപ്പോൾ ഏകദേശം 2,100 രൂപവരെ മാത്രമാണ് നല്ല തേങ്ങയ്ക്ക് പൊതുമാർക്കറ്റിൽ വില ലഭിക്കുന്നത്. ആ കുറവ് പരിഹരിക്കുവാൻ എന്തു നടപടിയാണ് സ്വീകരിക്കുന്നത്.

ശ്രീ. എൻ. സുന്ദരൻ നാടാർ : അത് ശരിയല്ല. ഇപ്പോൾ വില കുറവല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സി. ഷൺമുഖദാസ് : നാളികേരത്തിന്റെ വില മെച്ചപ്പെടുത്തുന്നതിനുവേണ്ടിയാണ് നാളികേര വികസന കോർപ്പറേഷൻ രൂപീകരിച്ചത്. കോർപ്പറേഷനു ലാഭകരമായ സമയമായിരുന്നു നാളികേരത്തിനു വില കുറഞ്ഞ സമയം. ആ സമയത്ത് കൊപ്ര സംഭരിക്കാതെ മനഃപ്പൂർവ്വമായി നാളികേര വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങളെ നിശ്ചലമാക്കിയതിനെസംബന്ധിച്ച് ഗവൺമെന്റ് വല്ല പരിശോധനയും നടത്തിയിട്ടുണ്ടോ ; ഇപ്പോഴും വിവിധ മില്ലുകളിൽനിന്നു വെളിച്ചെണ്ണ നമ്മുടെ കോർപ്പറേഷന്റെ മില്ലിൽ കൊണ്ടുപോയി റീ ഫിൽറർ ചെയ്ത് തരംതാണ എണ്ണയായിട്ടാണ് കോർപ്പറേഷന്റെ പേരിൽ വിൽപ്പന നടത്തുന്നത്. എന്നുള്ളത് കോർപ്പറേഷനെ ബാധിക്കുമെന്നകാര്യം പരിശോധിച്ചിട്ടുണ്ടോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : മുമ്പ് സ്റ്റോക്ക് ഉണ്ടായിരുന്ന പ്പോഴാണ് അത് നിറുത്തൽ ചെയ്തത്. ഇത്തരം ആരോപണങ്ങളൊന്നും ഗവൺമെന്ററിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ് : ഞങ്ങളുടെ സ്ഥലത്ത്, തിരുവങ്ങൂർ ഒരു നാളികേര കോംപ്ലക്സ് ഉണ്ട്. അവിടെ ഇപ്പോഴും നാളികേരമെടുക്കുന്നില്ലെന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ നാളികേരമെടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : നാളികേരം അവിടെ എടുക്കുന്നുണ്ട്. വിശദമായി അതിനെക്കുറിച്ച് അന്വേഷിക്കാം.

ശ്രീ. ഇ. കെ. നായനാർ : നാഫെഡ് 11,500 മെട്രിക് ടൺ കൊപ്ര എടുത്തുവെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്. എന്നാൽ നാഫെഡ് എടുത്തതിൽ എട്ടുകോടി രൂപ നഷ്ടമാണെന്ന് ഡോക്ടർ ഗോപാലൻ അന്നൊരു പ്രസ്താവനയിൽ വ്യക്തമാക്കി. കൃഷിക്കാർക്ക് കൊടുത്തവകയിലാണോ ഈ നഷ്ടമുണ്ടായിട്ടുള്ളത്. നിങ്ങൾ പറഞ്ഞു ലാഭമാണെന്ന്. (ബഹളം).....എട്ടുകോടി രൂപ ലാഭമാണ് എന്ന്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചോദ്യം ചോദിക്കുദയവായി അങ്ങ് സഹകരിക്കണം.

ശ്രീ. ഇ. കെ. നായനാർ : എട്ടുകോടി രൂപ ലാഭമാണ്. ബഹുമാനപ്പെട്ട സ്പീക്കറുടെ മാതിരി എനിക്ക് കഴിയുകയില്ല. എനിക്ക് എന്റെ മട്ടിലേ ചോദിക്കാൻ പറ്റുകയുള്ളൂ.

മി. സ്പീക്കർ : അങ്ങ് ചോദിക്കുന്നതുപോലെ ചോദിക്കുക. അല്ലെങ്കിൽ പറ്റുകയില്ല. പ്രതിപക്ഷനേതാവായാലും അനുവദിക്കുന്നതല്ല.

ശ്രീ. ഇ. കെ. നായനാർ : സ്പീക്കറായാലും ശരി.....എനിക്ക് എന്റെ മട്ടിലേ ചോദിക്കാൻ പറ്റുകയുള്ളൂ. .....(ബഹളം)

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : അങ്ങ് ആ പറഞ്ഞത് പിൻവലിക്കണം. അങ്ങ് സ്പീക്കറെക്കുറിച്ച് പറഞ്ഞത് പിൻവലിക്കണം.

ശ്രീ. ഇ. കെ. നായനാർ : സ്പീക്കറെപ്പറ്റി പറഞ്ഞതിൽ ദുരുപയോഗമുണ്ടെങ്കിൽ പിൻവലിക്കുന്നു. പക്ഷെ പ്രതിപക്ഷ നേതാവിനെപ്പറ്റി കുറച്ച് ബഹുമാനം വേണം. അങ്ങയെപ്പറ്റി ഒരു ആരോപണവും ഞാൻ നടത്തിയില്ല.

മി. സ്പീക്കർ : പ്രതിപക്ഷനേതാവിനെ അർഹിക്കുന്ന എല്ലാ ബഹുമാനവും കൊടുത്തുകൊണ്ടാണ് പെരുമാറുന്നത്.

ശ്രീ. ഇ. കെ. നായനാർ : സ്പീക്കറോടുള്ള എല്ലാ ബഹുമാനവും ഉണ്ട്.

മി. സ്പീക്കർ : അത് ശരിയല്ല. ഇവിടെ ചെയറിനെ സംബന്ധിച്ച് ദയവായി അങ്ങനെ തെറ്റിദ്ധരിക്കരുത്. അങ്ങ് ചോദിച്ചുകൊള്ളുക.

....(ബഹളം).....

ഒരു കാര്യം അറിയിക്കാനുണ്ട്. ഇവിടെ മെമ്പർമാരുടെ ഭാഗത്തുനിന്നും വളരെയധികം ചോദ്യങ്ങൾ സഭയിൽ എടുക്കുന്നില്ലെന്നുള്ളതിനെക്കുറിച്ച് വ്യാപകമായ പരാതി ഉണ്ടായി. അതുകൊണ്ടാണ് ബഹുമാനപ്പെട്ട മെമ്പർമാർ 'ടു ദി പോയിന്റ്' ചോദിക്കുകയും ബഹുമാനപ്പെട്ട മന്ത്രിമാർ സംക്ഷിപ്ത രൂപത്തിൽ മറുപടി പറയുകയും ചെയ്യണമെന്ന് രണ്ടുമൂന്നുദിവസമായി പറഞ്ഞുകൊണ്ടിരിക്കുന്നത്. ഇന്നലെ ചെയറിന് സഭയുടെ എല്ലാഭാഗത്തുനിന്നും ആ രീതിയിലുള്ള സഹകരണമാണുണ്ടായിരുന്നത്. 11-ഓളം ചോദ്യങ്ങൾ ഇന്നലെ ഫ്ലോറിൽ വന്നു. ഓരോ ഉപചോദ്യങ്ങൾ ചോദിക്കുമ്പോഴും അത് ഒരു സബ്മിഷൻ രൂപത്തിലോ അല്ലെങ്കിൽ വിശദീകരണത്തിലേക്കോ പോകുന്നത് ശരിയല്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോടായാതൊരു അനാദരവും ചെയറിനില്ല. എല്ലാ കാലത്തും എല്ലാ സമയത്തും പ്രതിപക്ഷത്തിന് അല്ലെങ്കിൽ പ്രതിപക്ഷ നേതാവിന് അല്ലെങ്കിൽ മെമ്പർമാർക്ക് അവസരം കൊടുക്കാൻ മാത്രമാണ് തയ്യാറായിട്ടുള്ളത്. അങ്ങ് കൂടി ഇതിൽ സഹകരിക്കണം. അതല്ലാതെ വേറെയൊരു ദുരുദ്ദേശവും ഇല്ല.

(ബഹളം)

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് ചോദ്യം ചോദിക്കാം.

ശ്രീ. ഇ. കെ. നായനാർ : ഞാൻ ചോദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly